## 13. ചെറുകിട ജല വൈദ്യുത പദ്ധതി വകുപ്പ് മുൻകൈയെടുത്തു നടത്തിയ വർക്ഷോപ്പുകൾ

2018 ഫെബ്രുവരി 8,9 തീയതികളിൽ പംബ്ട് സ്റ്റോറേജ് ജലവൈദ്യുത പദ്ധതി കേന്ദ്ര വിഷയമാക്കി ഒരു വർക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. ഈ പരിപാടിയിൽ പംബ്ട് സ്റ്റോറേജ് ജലവൈദ്യുത പദ്ധതിക്ക് വേണ്ടിവരുന്ന ആസൂത്രണ, നിർവഹണ പ്രവർത്തനങ്ങളെ പറ്റിയുള്ള വിശദമായ ചർച്ച നടന്നു. 2017 ജനുവരി 5, 6 തീയതികളിൽ, മാറുന്ന ഊർജ്ജ-പാരിസ്ഥിതികാവസ്ഥയിൽ, ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പ്രാധാന്യം, നേരിടാവുന്ന വെല്ലുവിളികൾ ,അവയുടെ ഭാവി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ദേശീയ വർക്ക് ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി.